# പല വിശ്വാസികൾക്കും പരിശുദ്ധാത്മസ്നാനം ലഭിക്കാതിരിക്കുന്നതിനുള്ള അഞ്ചു കാരണങ്ങൾ.

സാക് പുന്നൻ

WFTW 17 മാർച്ച് 2012

പല വിശ്വാസികൾക്കും പരിശുദ്ധാത്മസ്നാനം ലഭിക്കാതിരിക്കുന്നതിന് അഞ്ച് പ്രധാന കാരണങ്ങൾ ഉണ്ട്.

1) വീണ്ടും ജനനത്തിൻറെ സമയത്ത് തന്നെ അവർക്ക് ആത്മസ്നാനം ലഭിച്ചു എന്ന് ഏതോ ചില വേദ ശാസ്ത്ര വാദങ്ങളാൽ അവർ സ്വന്ത ബുദ്ധിയിൽ ഉറപ്പിച്ചിരിക്കുന്നു. അവർ ശക്തിഹീനരും പരാജിതരും ഫലശൂന്യരും ആയിരിക്കുമ്പോൾത്തന്നെ ഈ വേദശാസ്ത്രപരമായ ചതിയിൽ തുടർന്നും വിശ്വസിക്കുന്നു.

2) തങ്ങൾക്കു പരിശുദ്ധാത്മസ്നാനം ലഭിക്കുവാൻ തക്ക യോഗ്യതയില്ല എന്ന ഒരു തോന്നലിൽ ചിലർ കഴിയുന്നു. എത്രത്തോളം അയോഗ്യരാണ് എന്ന് നിങ്ങൾ കരുതുന്നുവോ അത്രത്തോളം പാപിയാണെന്ന് സ്വയം നിങ്ങൾ കരുതുന്നു എന്നതാണ് വസ്തുത. അതുകൊണ്ട്തന്നെ പരിശുദ്ധാത്മ സ്നാനം സ്വീകരിക്കുവാൻ നിങ്ങൾ ഏറ്റവും യോഗ്യനുമായിരിക്കുന്നു. ദൈവം തൻറെ ദാനങ്ങളെ നൽകുന്നത് അത് സ്വീകരിക്കുവാൻ ഒട്ടും യോഗ്യതയില്ലായെന്നു സ്വയം കരുതുന്നവർക്കാണ്. നിങ്ങൾ നിങ്ങളുടെ പാപങ്ങളെക്കുറിച്ചു അനുതപിച്ചിട്ടുണ്ടെങ്കിൽ നിങ്ങൾ എത്രമാത്രം അയോഗ്യനാണെന്നുള്ളതോ ഫലമില്ലാത്തവനാണെന്നുള്ളതോ ഒരു വിഷയമല്ല. ഹല്ലേലുയ്യാ!!.

3) തന്നോട് ആവശ്യപ്പെടുന്നവർക്കെല്ലാം തൻറെ ദാനങ്ങളെ സൗജന്യമായി നൽകുന്ന ഒരു നല്ല ദൈവമാണ് അവിടുന്നെന്നു അവർ വിശ്വസിക്കുന്നില്ല. ദാനങ്ങൾ സ്വീകരിക്കുന്നതിനു മുമ്പ് അതിനെന്തെങ്കിലും വില ചില നല്ല പ്രവർത്തികളോ, അല്ലെങ്കിൽ ഉപവാസമൊ, പ്രാർത്ഥനയോ അങ്ങനെ എന്തെങ്കിലുമൊക്കെ വേണമെന്നാണ് അവർ കരുതുന്നത്.

എന്നാൽ ദൈവത്തിൻറെ ദാനങ്ങളെല്ലാം സൗജന്യമാണ്. അത് പാപക്ഷമയായാലും പരിശുദ്ധാത്മ സ്നാനമായാലും ഒരുപോലെതന്നെ. ദൈവത്തിൻറെ ഒരു ദാനവും വിലയ്ക്ക് വാങ്ങുവാൻ കഴിയുകയില്ല. പല വിശ്വാസികൾക്കും വിശ്വസിക്കുക എന്നതുതന്നെ വലിയ ബുദ്ധിമുട്ടുള്ള കാര്യമായിരിക്കുന്നു. വിശ്വാസത്തെ കുടിക്കുക എന്ന പ്രവർത്തിയോടാണ് ബന്ധപ്പെടുത്തിയിരിക്കുന്നത് (യോഹ. 7:37,38 കാണുക .....കുടിക്കട്ടെ ...... വിശ്വസിക്കുന്ന...). കുടിക്കുക എന്നതുപോലെ ലളിതമാണ് പരിശുദ്ധാത്മാവിനെ സ്വീകരിക്കുകയെന്നത്. കുഞ്ഞുങ്ങൾക്ക് പോലും എങ്ങനെ കുടിക്കണമെന്നറിയാം. പുതിയതായി ജനിച്ചയാൾക്കും പരിശുദ്ധാത്മാവിനാൽ സ്നാനപ്പെടാം. അപ്പോസ്തോലപ്രവർത്തികളിൽ നാം വായിക്കുന്നത് അപ്രകാരമുള്ള കാര്യങ്ങളാണ്.

4) അവർക്ക് ദാഹമില്ല. അവർ തീർത്തും നിസ്സഹായരല്ല. തനിക്കു ആവശ്യമുള്ളത് ലഭിക്കുവോളം അയൽക്കാരൻറെ വാതിൽക്കൽ മുട്ടിക്കൊണ്ടിരുന്ന ഒരു മനുഷ്യൻറെ ഉപമ യേശു പറഞ്ഞിട്ടുണ്ട്. തുടർന്ന് യേശു പറഞ്ഞു, നമ്മുടെ സ്വർഗ്ഗീയ പിതാവിനോട് ചോദിച്ചുകൊണ്ടേയിരിക്കുന്ന, അന്വേഷിച്ചുകൊണ്ടേയിരിക്കുന്ന, മുട്ടിക്കൊണ്ടേയിരിക്കുന്ന ഒരുവന് അവിടുന്ന് പരിശുദ്ധാത്മാവിനെ നൽകുമെന്ന് (ലൂക്കോസ് 11:13 ഉം അതിനു മുമ്പുള്ള അഞ്ചാം വാക്യം മുതലുള്ളതും ചേർത്തു വായിക്കുക.)

5) അവർ മറ്റാരെങ്കിലും സാക്ഷ്യമായിപ്പറഞ്ഞ ഏതെങ്കിലും തരത്തിലുള്ള അനുഭവങ്ങൾക്കായി കാത്തിരിക്കുന്നു (അന്യഭാഷാ അല്ലെങ്കിൽ ഒരു പ്രത്യേക ആവേശം തുടങ്ങിയവ). അവർക്കുള്ള ഏറ്റവും നല്ല

ദാനമേതാണെന്നോ, അത് എങ്ങനെ വെളിപ്പെടണമെന്നോ തീരുമാനിക്കുവാനുള്ള അവകാശം ദൈവത്തിനു വിട്ടുകൊടുക്കുവാൻ അവർ ഒരുക്കമല്ല. ലളിതമായ വിശ്വാസത്തിലാണ് പരിശുദ്ധാത്മാവിനെ സ്വീകരിക്കേണ്ടത്.

ചോദിക്കുക നിങ്ങൾക്ക് ലഭിക്കും (ഗലാ. 3:2, ലൂക്കോസ് 11:9 13). തോന്നലുകൾക്കായി കാത്തിരിക്കരുത്. എന്നാൽ നിങ്ങള്ക്ക് ഒരു ഉറപ്പു ലഭിക്കുവാൻ ദൈവത്തോട് ആവശ്യപ്പെടുക. എങ്ങനെ ആ ഉറപ്പു നിങ്ങൾക്ക് നൽകണമെന്ന കാര്യം ദൈവത്തിനു വിടുക. നിങ്ങളുടെ പാപങ്ങൾ ക്ഷമിച്ച് നിങ്ങൾ ഒരു ദൈവ പൈതലായി എന്ന ഉറപ്പു നിങ്ങൾക്ക് ലഭിച്ചില്ലേ? അതുപോലെ നിങ്ങളെ പരിശുദ്ധാത്മാവിനാൽ അവിടുന്ന് നിറച്ചു എന്നൊരു ഉറപ്പും അവിടുത്തേയ്ക്ക് നൽകുവാൻ കഴിയും. നിങ്ങൾക്ക് വേണ്ടത് അനുഭവമല്ല ശക്തിയാണ് (അപ്പൊ. പ്ര. 1:8).

അതിനാൽ, ദാഹിക്കുക  വിശ്വസിക്കുക  സ്വീകരിക്കുക. ഇതാണ് അതിനുള്ള സമയം. ഇന്നാണ് രക്ഷാദിവസം.

ദൈവത്തിൻറെ ആത്മാവ് നിൻറെമേൽ വരും നീ മറ്റൊരു മനുഷ്യനായിത്തീരും (1. ശമു. 10:6).

(മൊഴിമാറ്റം: സാജു ജോസഫ്, ആലപ്പുഴ)